# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2011 ഒക്ടോബർ 19, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### അടിയന്തരപ്രമേയം

### ബാങ്കുകൾ വഴി ശമ്പളം വിതരണം ചെയ്യാനുള്ള തീരുമാനം

മി. സ്പീക്കർ: പത്തുലക്ഷത്തോളം വരുന്ന സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ശമ്പളവും മറ്റാനുകൂല്യങ്ങളും വിതരണം ചെയ്യുന്ന ചുമതല പുത്തൻ തലമുറ ബാങ്കുകൾ അടക്കമുള്ള ബാങ്കുകൾ വഴി വിതരണം ചെയ്യാനുള്ള ഉത്തരവിറക്കിയതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ഡോ. ടി.എം. തോമസ് ഐസക്, സർവ്വശ്രീ. വി.എസ്. സുനിൽ കുമാർ, മാത്യു റ്റി. തോമസ്, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ശമ്പളവും

മറ്റാനുകൂല്യങ്ങളും പെൻഷനും ജീവനക്കാരുടെ സൗകര്യത്തിനുവേണ്ടി പബ്ലിക് സെക്ടർ ബാങ്കുകളുടെ എ.ടി.എം. വഴി വാങ്ങുന്നതിനായി അനുമതി നൽകിയിരിക്കുന്ന ഉത്തരവാണ് ഇറക്കിയിട്ടുള്ളത്. ഇത് ഗവൺമെന്റിന്റെ സാമ്പത്തിക പ്രവർത്തനങ്ങളെ ബാധിക്കുന്നില്ല.

<u>ഡോ. ടി.എം. തോമസ് ഐസക്</u>: ശമ്പളം വിതരണം ചെയ്യുന്നതിന് ഇപ്പോഴുള്ള സംവിധാനത്തിൽ മാറ്റം വരുത്തുന്നതിന് കഴിഞ്ഞ മുന്ന് വർഷ മായി പരിശ്രമം നടന്നുവരികയാണ്. പെൻഷനും ശമ്പളവും ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചശേഷം അവിടെനിന്ന് പിൻവലി ക്കുമ്പോൾ മൊത്തം വിതരണം ചെയ്യേണ്ട തുകയുടെ പത്ത് ശതമാന മെങ്കിലും സേവിംഗ്സായി കിടക്കുകയും അഞ്ച് വർഷംകൊണ്ട് 5,000 കോടി രൂപ ക്യാഷ് ബാലൻസ് ട്രഷറിയിൽ ഉണ്ടാകുകയും ചെയ്യുന്ന ഏർപ്പാടാണു ണ്ടായിരുന്നത്. ഇപ്പോൾ ഇറക്കിയിരിക്കുന്ന ഉത്തരവ് പ്രകാരം ഈ ക്യാഷ് ബാലൻസ് ഐ.സി.ഐ.സി.ഐ., എച്ച്.ഡി.എഫ്.സി., ആക്സിസ് തുടങ്ങിയ ബാങ്കുകളുടെ അക്കൗണ്ടുകളിലേക്ക് പോവുകയാണ്. 5,000 കോടി രൂപ പലിശരഹിതമായി ബാങ്കിൽ നിക്ഷേപിക്കപ്പെടുമ്പോൾ സംസ്ഥാനത്തിന്റെ വികസനാവശ്യങ്ങൾക്കുവേണ്ടി പണം മുടക്കാൻ സാധിക്കാതെ വരുന്നു. കോർ ബാങ്കിംഗ് സംവിധാനവും സ്പാർക്ക് സംവിധാനവും എ.ടി.എം. സൗകര്യവും ആറ് മാസം കൊണ്ട് പൂർത്തീകരിക്കുമെന്നിരിക്കെ ധൃതിപിടിച്ച് ഇങ്ങനെയൊരു ഉത്തരവിറക്കിയത് ശരിയല്ല. കേരളത്തിന്റെ ട്രഷറി സേവിംഗ്സ് ബാങ്ക് അവസാനിപ്പിക്കണമെന്നും എ.ടി.എം. സംവിധാനം പാടില്ലെന്നുമുള്ള റിസർവ്വ് ബാങ്കിന്റെ നിർദ്ദേശം നടപ്പിലാക്കുന്നതിന്റെ ആദ്യപടിയായാണ് ശമ്പള വിതരണം സ്വകാര്യ ബാങ്കുകൾ വഴിയാക്കുന്നത്. കേരളത്തിന്റെ പ്രത്യേക അവകാശമായ ട്രഷറി സേവിംഗ്സ് ബാങ്ക് വഴി

ഡെപ്പോസിറ്റുകൾ സമാഹരിക്കാമെന്നിരിക്കെ സംസ്ഥാനത്തിന്റെ ധനതാൽപ്പര്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതാണ് ഇപ്പോൾ ഇറങ്ങിയിട്ടുള്ള ഉത്തരവ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർക്കാർ ജീവനക്കാരുടെ ശമ്പളവും പെൻഷനും പബ്ലിക് സെക്ടർ ബാങ്കുകൾ വഴി കൊടുക്കുന്നതിനുവേണ്ടിയുള്ള ഉത്തരവ് ആദ്യം ഇറക്കിയത് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റാണ്. ആ ഉത്തരവനുസരിച്ച് പോലീസ് വകുപ്പ്, മോട്ടോർ വാഹന വകുപ്പ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർക്ക് ശമ്പളവും പെൻഷനും ബാങ്കുകളിലെ എ.ടി.എം. വഴി നൽകിയിട്ടുമുണ്ട്. 12-10-2009-ലെ പ്രസ്തുത ഉത്തരവ് 03-12-2010-ലെ മറ്റൊരു ഉത്തരവിലൂടെ എൽ.ഡി.എഫ്. ഗവൺമെന്റ് ക്യാൻസൽ ചെയ്തു. എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയ ആദ്യ ഉത്തരവ് ക്യാൻസൽ ചെയ്തത് ശബരിമല ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥർക്കുൾപ്പെടെ ബുദ്ധിമുട്ടുണ്ടാക്കിയിരിക്കുന്നതിനാൽ അത് പുന:സ്ഥാപിച്ചു നൽകണമെന്ന് വിവിധ ഡിപ്പാർട്ടുമെന്റുകളും ആധുനിക സാങ്കേതിക വിദ്യയുടെ കാലഘട്ടത്തിൽ ജീവനക്കാർക്ക് സൗകര്യമുള്ള disbursement കൊടുക്കുന്ന കാര്യം പര്യാലോചിക്കണമെന്ന് റിസർവ് ബാങ്കും ഗവൺമെന്റിനെ അറിയിച്ച സാഹചര്യത്തിലാണ് കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്ന സിസ്റ്റം വീണ്ടും ഒരു ഉത്തരവിലൂടെ കൊണ്ടുവരാൻ ഈ സർക്കാർ തീരുമാനിക്കുന്നത്. ഈ ഉത്തരവിലൂടെ ട്രഷറികൾ വഴി സർക്കാർ നടത്തുന്ന ഇടപാടുകളൊന്നും സ്വകാര്യബാങ്കുകൾക്ക് കൈമാറിയിട്ടില്ല. ട്രഷറി പരിഷ്ക്കരണവും കോർബാ

ങ്കിംഗ് മുഖേന ട്രഷറി ബാങ്കുകളിൽ എ.ടി.എം. തുടങ്ങാനുള്ള തീരുമാനവും ഈ സർക്കാർ വേണ്ടെന്ന് വച്ചിട്ടില്ല. റിസർവ് ബാങ്ക് ട്രഷറികളിൽ എ.ടി. എം. അനുമതി നൽകിയിട്ടില്ല. ഈ ഗവൺമെന്റ് ജീവനക്കാരുടെ ശമ്പളവും പെൻഷനും മാത്രം എ.ടി.എം. മുഖേന ലഭ്യമാക്കുന്നതിനുള്ള നടപടികൾ വീണ്ടും ടേക്കപ്പ് ചെയ്യുകയാണ്. സേവിംഗ്സ് ആയി ട്രഷറിയിൽ കിടക്കുന്ന ജീവനക്കാരുടെ ശമ്പളം മുഴുവൻ ഗവൺമെന്റിന് എടുത്ത് വിനിയോഗി ക്കാമെന്ന വാദം ശരിയല്ല. നോൺ ഗസറ്റഡ് ഉദ്യോഗസ്ഥരുടെ ശമ്പളം സേവിംഗ്സ് ആയി ട്രഷറിയിൽ വരുന്നില്ല. ക്യാഷ് ആയിട്ടാണ് കൊടുക്കു ന്നത്. ഉദ്യോഗസ്ഥരുടെ ശമ്പളം ട്രഷറി വഴിയോ എ.ടി.എം. മുഖേനയോ വാങ്ങാനുള്ള സൗകര്യം ഓപ്ഷണലായി കൊടുത്തിരിക്കുകയാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു)

**<u>ശ്രദ്ധക്ഷണിക്കൽ</u>**

**(1) <u>രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന</u>**

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u> ഗ്രാമപ്രദേശങ്ങളിൽ വൈദ്യുതി എത്തിച്ച് അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന RGGVY പദ്ധതിയുടെ

പുരോഗതി സർക്കാർ വിലയിരുത്തണം. ഒരു ലക്ഷം വില്ലേജുകളിലെ ഒരു കോടി വീടുകളിൽ വൈദ്യുതി എന്ന ഈ പദ്ധതിയുടെ ലക്ഷ്യം മലബാർ മേഖലയിൽ തുടരുകയും തെക്കൻ ജില്ലകളിൽ 89 കോടി രൂപയുടെ പദ്ധതി കൂടി അംഗീകരിക്കുകയും ചെയ്തത് അഭിനന്ദനാർഹമാണ്. സബ്സ്റ്റേഷനുകൾ സ്ഥാപിക്കുക, വില്ലേജുകൾ വൈദ്യുതീകരിക്കുക, 100-ൽ കൂടുതൽ കുടുംബങ്ങൾ താമസിക്കുന്ന ജനവാസ കേന്ദ്രങ്ങൾ വൈദ്യുതീകരിക്കുക, എല്ലാ ഗ്രാമീണ വീടുകളിലും വൈദ്യുതി എത്തിക്കുക, ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യനിരക്കിൽ വൈദ്യുതി ലഭ്യമാക്കുക, വൈദ്യുതീകരിച്ച ജനവാസകേന്ദ്രങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് ശേഷി വർദ്ധിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിലുള്ള റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷനെയാണ് പദ്ധതിയുടെ നോഡൽ ഏജൻസിയായി നിശ്ചയിച്ചത്. കേരള ഗവണ്മെന്റിന്റെ അനുമതിയോടെ പദ്ധതി നടത്തിപ്പിനായി ചുമതലപ്പെടുത്തിയ കെ.എസ്.ഇ.ബി. സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ട് ആർ.ഇ.സി. അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 90 ശതമാനം മൂലധനസഹായം ലഭ്യമാകുകയും 10 ശതമാനം വായ്പയായോ സംസ്ഥാന ഗവണ്മെന്റിന്റെ വിഹിതമായോ പദ്ധതി നടപ്പാക്കാനാണ് തീരുമാനിച്ചിരുന്നത്. 2011 ആഗസ്റ്റ് 31-ന് മുമ്പ് കാസർഗോഡ് ജില്ലയിലെ 113 കേന്ദ്രങ്ങളിൽ പദ്ധതി പൂർത്തീകരിക്കണമെന്നായിരുന്നു കരാറിലെ വ്യവസ്ഥ. ആർ.ഇ.സി. പ്രവൃത്തി ഏൽപ്പിച്ച ബെൻടെക് കമ്പനി സർവ്വേ ജോലിപോലും പൂർത്തിയാക്കിയിട്ടില്ല. കാസർഗോഡ് ജില്ലയിൽ കേവലം 14 കേന്ദ്രങ്ങളിൽ മാത്രമാണ് പണി പൂർത്തീകരിച്ചത്. 9 എണ്ണത്തിൽ ഭാഗികമായി പണി നടന്നുവരുന്നു. സമ്പൂർണ്ണ വൈദ്യുതീകരണപദ്ധതി

നടപ്പാക്കുന്നതിന് ഇപ്പോൾ നേരിട്ടിരിക്കുന്ന പ്രയാസങ്ങളും പ്രതിസന്ധികളും പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): കാസർഗോഡ്, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ കരാർ എടുത്തിട്ടുള്ള കൽക്കത്ത ആസ്ഥാനമായ ബെൻടെക് കമ്പനി പദ്ധതി പൂർത്തീകരിക്കുന്നതിൽ വളരെയധികം കാലതാമസം വരുത്തുന്നു. 2005-ൽ കൊണ്ടുവന്ന പദ്ധതി 221.75 കോടി രൂപയ്ക്ക് ടെണ്ടർ ചെയ്തെങ്കിലും ടെണ്ടർ എടുക്കാൻ ആളുണ്ടായില്ല. സ്റ്റേറ്റടിസ്ഥാനത്തിൽ വർക്ക് ചെയ്യണമെന്ന് നോഡൽ എജൻസിയായിരുന്ന ആർ.ഇ.സി. അഭിപ്രായപ്പെട്ടിരുന്നെങ്കിലും പിന്നീടത് ജില്ലാടിസ്ഥാനത്തിൽ ചെയ്തു. ഇടുക്കി ജില്ലയിൽ 19 ശതമാനത്തിനുമുകളിലും മറ്റു ജില്ലകളിൽ 70-80 ശതമാനവും വന്നതുകൊണ്ട് ഇടുക്കിയിൽ മാത്രം പദ്ധതി അനുവദിച്ചെങ്കിലും പത്താം പഞ്ചവത്സര പദ്ധതിയുടെ രണ്ടാം പകുതിയിലാക്കാമെന്ന് തീരുമാനിക്കുകയും 2010-ൽ വീണ്ടും ഇതിന് അനുവാദം കിട്ടുകയും ചെയ്തു. 10-03-2010-ൽ വർക്ക് ടെണ്ടർ ചെയ്യുകയും ബെൻടെക് കമ്പനി ടേൺ കീ അടിസ്ഥാനത്തിൽ പണി നടത്തുകയും ചെയ്യുന്നുണ്ട്. ഇപ്പോൾ കാസർഗോഡ് ജില്ലയിൽ 25 കരകളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ എല്ലാ ഡയറക്ഷനും ആർ.ഇ.സി. ആണ് ചെയ്യുന്നത്. ചെലവിന്റെ 90 ശതമാനം കേന്ദ്ര ഗവണ്മെന്റും 10 ശതമാനം സംസ്ഥാന ഗവണ്മെന്റുമാണ് വഹിക്കുന്നത്. കാലതമാസം പരിഹരിക്കുന്നതിനായി നടത്തിയ ചർച്ചയിൽ പണി പെട്ടെന്ന് തീർക്കാമെന്ന് കമ്പനി ഉറപ്പ് നൽകിയിട്ടുണ്ട്. കോഴിക്കോടും മലപ്പുറത്തും സർവ്വേ പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ യഥാസമയം പണി പൂർത്തീകരിക്കാൻ ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. സതേൺ റീജിയണിന്റെ 7 ജില്ലകളിൽ സെക്കന്റ് ഫേസ്

പ്രവർത്തനത്തിന് കേന്ദ്ര ഗവൺമെന്റ് 89 കോടി രൂപ അനുവദിച്ചതിലൂടെ തൃശ്ശൂർ മുതൽ തിരുവനന്തപുരം വരെയുള്ള എല്ലാ ജില്ലകളിലും സമ്പൂർണ്ണ വൈദ്യുതീകരണം നടത്താൻ സാധിക്കും. ബി.പി.എൽ. ഫാമിലിക്ക് ഫ്രീകണക്ഷൻ കൊടുക്കാനായി ലൈൻ വലിക്കുമ്പോൾ ആ പ്രദേശത്തുള്ള എ.പി.എൽ. ഫാമിലിക്കും കണക്ഷൻ ലഭ്യമാകുന്നതിലൂടെ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കാൻ കഴിയുന്നതാണ്.

### (2) <u>എമിഗ്രേഷൻ വ്യവസ്ഥകൾമൂലം നേരിടുന്ന ബുദ്ധിമുട്ടുകൾ</u>

<u>ശ്രീ. എൻ.എ.നെല്ലിക്കുന്ന്</u> : വിദേശ ഇന്ത്യക്കാരുടെ അദ്ധ്വാനം സാമൂഹിക സാമ്പത്തിക മേഖലകളിൽ ആശാവഹമായ പരിവർത്തനങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. വിദേശത്തേക്ക് പോകുന്നവരുടെ തൊഴിൽ രേഖകൾ അതാത് രാജ്യത്തെ ഇന്ത്യൻ എംബസികൾ സാക്ഷ്യപ്പെടുത്തണമെന്ന എമിഗ്രേഷൻ നിയമം കർശനമാക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചത് തൊഴിലന്വേഷകരെ കൂടുതൽ ബുദ്ധിമുട്ടിലാക്കിയിരിക്കുകയാണ്. 1983-ൽ എമിഗ്രേഷൻ നിയമം പാസ്സാക്കുകയും ഓവർസീസ് റിക്രൂട്ടിംഗ് ഏജൻസീസ് ലൈസൻസ് ഇഷ്യു ചെയ്യുകയും ചെയ്തു. അതോടുകൂടി അനധികൃത മനുഷ്യക്കടത്തും അഴിമതിയും വർദ്ധിച്ചു. ഈ നിയമം ഭേദഗതി ചെയ്ത് റിക്രൂട്ടിംഗ് ഏജൻസികൾക്ക് അഫിഡവിറ്റ് അധികാരം കൊടുത്തത് അനധികൃത മനുഷ്യക്കടത്ത് കുറയ്ക്കാൻ സഹായകരമായി. ജൂലായ് 29-ന് വീണ്ടും എമിഗ്രേഷൻ നിയമം കർശനമാക്കിയതിലൂടെ വിദേശ കമ്പനി കൾ തൊഴിലന്വേഷകരെ തേടി ഇന്ത്യയിലേക്ക് വരുന്നത് കുറയുകയും വിദേശ നാണ്യ വരവിനെ അത് സാരമായി ബാധിക്കുകയും ചെയ്തു. വിദേശ മലയാളികൾക്കുവേണ്ടി പോരാടാൻ ഒരു മലയാളി കൂട്ടായ്മ ആവശ്യമാണ്. വിസിറ്റിംഗ് വിസയിൽ വിദേശത്തേക്ക് പോകുന്നവർക്ക് കോഴിക്കോട് വിമാന

ത്താവളത്തിലുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : കേന്ദ്ര പ്രവാസികാര്യ മന്ത്രാലയം എമിഗ്രേഷൻ നിയമത്തിൽ കൊണ്ടുവന്ന വ്യവസ്ഥകൾ അൺസ്കിൽഡ് വർക്കേഴ്സിനെ സാരമായി ബാധിക്കുന്നുവെന്നത് ഔദ്യോഗികമായിട്ടല്ലെങ്കിലും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര പ്രവാസികാര്യ മന്ത്രാലയത്തിലേക്കും ഡൽഹിയിലെ പ്രൊട്ടക്ടർ ജനറൽ ഓഫ് എമിഗ്രൻസിനും ഇതുസംബന്ധിച്ച് വിശദമായ സന്ദേശം അയച്ചിട്ടുണ്ട്. ഇപ്പോൾ വരുത്തിയ ഭേദഗതിയേയും നടപടിക്രമങ്ങളെയുംകുറിച്ച് അറിഞ്ഞതിനുശേഷം നമുക്കുള്ള നിർദ്ദേശങ്ങളും ഭേദഗതികളും കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുന്നതാണ്. എമിഗ്രേഷൻ നിയമങ്ങളിലെ അപാകതകൾ മുതലെടുത്തുകൊണ്ട് വിദേശത്തേക്ക് തൊഴിലന്വേഷിച്ച് പോകുന്നവരെ ചൂഷണം ചെയ്യുന്ന രീതി അവസാനിപ്പിക്കുന്നതാണ്. അവർക്ക് അസൗകര്യമുണ്ടാകാത്ത രീതിയിൽ ആവശ്യമായ കരുതൽ നടപടികൾ സ്വീകരിക്കുന്നതുമാണ്. കോഴിക്കോട് എമിഗ്രേഷൻ വിംഗിൽ പ്രത്യേകമായ അസൗകര്യമുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കുന്നതാണ്.

**<u>സബ്മിഷൻ</u>**

**(1) <u>കോഴിക്കോട് വെടിവെയ്പ്</u>**

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): കോഴിക്കോട് വെടിവെയ്പ് സംഭവത്തിൽ ഹോം സെക്രട്ടറിയുടെ റിപ്പോർട്ടിനെ സംബന്ധിച്ചും സിറ്റി അസിസ്റ്റന്റ് പോലീസ് കമ്മീഷണർ വിദ്യാർത്ഥികൾക്കുനേരെ നിറയൊഴിച്ചത് സംബന്ധിച്ചുമുള്ള മുഖ്യമന്ത്രിയുടെ അഭിപ്രായം സഭയെ അറിയിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കോഴിക്കോട് വെടിവയ്പ് സംഭവത്തെ സംബന്ധിച്ച് ഡി.ജി.പി.യുടെ റിപ്പോർട്ട് കിട്ടിയ സമയത്ത് പോലീസല്ലാത്ത ഒരാളെക്കൊണ്ടുകൂടി അന്വേഷിപ്പിക്കണമെന്ന് ഗവൺമെന്റ് തീരുമാനിച്ചതനുസരിച്ച് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. കെ. ജയകുമാറിനെ ചുമതലപ്പെടുത്തി. അദ്ദേഹത്തിന്റെ അന്വേഷണ റിപ്പോർട്ട് കിട്ടിയാലുടൻതന്നെ സഭയെ അറിയിക്കുന്നതാണ്.

## (2) അന്തർദ്ദേശീയ നിലവാരത്തിൽ ഫയർ സ്റ്റേഷൻ

ശ്രീ. ഹൈബി ഈഡൻ: കൊച്ചിയിൽ ആധുനിക രീതിയിലുള്ള ഒരു ഫയർ സ്റ്റേഷൻ രൂപീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കൊച്ചിയിൽ അഗ്നിശമന രക്ഷാനിലയങ്ങൾ നാലെണ്ണം പ്രവർത്തിക്കുന്നുണ്ടെങ്കിലും ധാരാളം ഓയിൽ ടാങ്കറുകളും ഫ്ളാറ്റുകളും വ്യവസായ സ്ഥാപനങ്ങളും ഉള്ളതിനാൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്. 84 ജീവനക്കാരുള്ള ഗാന്ധിനഗർ അഗ്നിശമന രക്ഷാനിലയത്തിൽ വാട്ടർ മിസ്റ്റ് സിസ്റ്റം, വാട്ടർ മിസ്റ്റ് സിസ്റ്റം വിത്ത് മോട്ടോർ സൈക്കിൾ, തുടങ്ങിയ അത്യാധുനിക ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ ഈ വർഷം വാങ്ങാനുദ്ദേശിക്കുന്ന അത്യാധുനിക ഉപകരണങ്ങൾക്ക് പുറമെ സ്കൈ ലിഫ്റ്റുകളിൽ ഒരെണ്ണം കൂടി നൽകുന്നതാണ്. സ്മാർട്ട് സിറ്റി, ഇൻഫോ പാർക്ക്, കളക്ടറേറ്റ് മുതലായവ സ്ഥിതി ചെയ്യുന്ന തൃക്കാക്കരയിൽ ഉന്നതനിലവാരത്തിലേക്ക് ഉയർത്താനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ഒരു ഫയർസ്റ്റേഷൻ പ്രവർത്തിക്കുന്നുണ്ട്. സ്മാർട്ട് സിറ്റിയും ഇൻഫോപാർക്കും വികസിച്ചുവരുന്ന മുറയ്ക്ക് ഈ ഫയർസ്റ്റേഷനിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതാണ്.

## (3) പ്രതികളെ അറസ്റ്റ് ചെയ്യാൻ വൈകുന്നതുസംബന്ധിച്ച്

ശ്രീ. പി.കെ. ഗുരുദാസൻ: വാളകം രാമവിലാസം സ്ക്കൂളിലെ അദ്ധ്യാപകനായ കൃഷ്ണകുമാർ ആക്രമിക്കപ്പെട്ട സംഭവം സി.ബി.ഐ. യെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : 27-09-2011 രാത്രി 11 മണിയോടെ വാളകം എം.എൽ.എ. ജംഗ്ഷനിൽ പരിക്കേറ്റ നിലയിൽ കാണപ്പെട്ട വാളകം രാമവിലാസം സ്കൂളിലെ അദ്ധ്യാപകനായ ശ്രീ. കൃഷ്ണകുമാറിനെ പോലീസ് കൊട്ടാരക്കര താലൂക്കാശുപത്രിയിലും തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയിലും പ്രവേശിപ്പിക്കുകയും 28-09-2011-ന് കൊട്ടാരക്കര പോലീസ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽവച്ച് അദ്ദേഹത്തിന്റെ ഭാര്യയിൽനിന്നും മൊഴി രേഖപ്പെടുത്തുകയും വധശ്രമ ത്തിന് കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. തിരുവനന്തപുരം റേഞ്ച് ഐ. ജി. ശ്രീ. പത്മകുമാറിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ 19 അംഗങ്ങൾ ഉൾപ്പെട്ട പ്രത്യേക അന്വേഷണസംഘം ഈ കേസ്സന്വേഷണം നടത്തി വരികയാണ്. കൃഷ്ണകുമാറിന്റെ മൊഴി ജുഡീഷ്യൽ മജിസ്ട്രേറ്റും പ്രത്യേക അന്വേഷണ സംഘവും രേഖപ്പെടുത്തുകയും അന്വേഷണ ഘട്ടത്തിൽ ലഭിച്ച വസ്തുക്കൾ ശാസ്ത്രീയ പരിശോധനയ്ക്കായി ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ അയയ്ക്കുകയും അദ്ദേഹത്തെ ചികിത്സിച്ച ഡോക്ടർമാരിൽനിന്നും വിദഗ്ദ്ധാഭിപ്രായം നേടുകയും ചെയ്തിട്ടുണ്ട്. കൃഷ്ണകുമാറിന്റെയും ഭാര്യയുടെയും മൊഴികൾ തമ്മിലുള്ള പൊരുത്ത ക്കേടുകൾ അന്വേഷണ സംഘത്തിന് ആദ്യ ഘട്ടത്തിൽ കുറെ ബുദ്ധിമുട്ടു കളുണ്ടാക്കിയെങ്കിലും ഇപ്പോൾ ശാസ്ത്രീയമായ തെളിവുകളുടെ അടിസ്ഥാ

നത്തിൽ അന്വേഷണം നടക്കുകയാണ്. കേസ്സിന്റെ സത്യാവസ്ഥ പുറത്തു കൊണ്ടുവരുന്നതും യഥാർത്ഥ പ്രതികളെ അറസ്റ്റ് ചെയ്യുന്നതുമാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : ശ്രീ. കൃഷ്ണകുമാറിന് പരിക്കേറ്റത് സംബന്ധിച്ച കേസ്സിൽ പ്രതികളെ കണ്ടെത്താനോ അറസ്റ്റ് ചെയ്യാനോ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് സർക്കാർ വ്യക്തമാക്കണം.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭവിട്ട് പുറത്തുപോകുകയും അല്പസമയത്തിനകം തിരിച്ചുവരികയും ചെയ്തു)

## (4) നെടുമ്പാശ്ശേരി വിമാനത്താവളത്തിന്റെ സമഗ്ര വികസനം

ശ്രീ. അൻവർ സാദത്ത് : നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിൽ പുതിയ ടെർമിനൽ സ്ഥാപിക്കാനും എൻ.എച്ച്. 47-ൽ അത്താണി ജംഗ്ഷനിൽനിന്നും വിമാനത്താവളത്തിലേക്കുള്ള അപ്രോച്ച് റോഡിന്റെ വീതി കൂട്ടി നാലുവരിപ്പാതയാക്കുന്നതിനും വിമാനത്താവളത്തിലെ അനധികൃത നിയമനങ്ങൾ നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കണം. വിമാനത്താവളത്തിന്റെ സമഗ്ര വികസനത്തിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളെക്കുറിച്ച് വ്യക്തമാക്കണം.

എക്സൈസും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : 1999-ൽ കമ്മീഷൻ ചെയ്ത കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ ദേശീയ/അന്തർദേശീയ തലത്തിൽ യാത്രക്കാരുടെ എണ്ണത്തിലുണ്ടായ വർദ്ധനയെ തുടർന്ന് അടുത്ത പത്തുവർഷത്തെ ആവശ്യകത മുന്നിൽകണ്ട് 300 കോടി രൂപ ചെലവിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന പുതിയ ടെർമിനലിന് നാലായിരം പീക്ക് അവർ ഹാന്റ്ലിംഗ് കപ്പാസിറ്റിയും 10 ലക്ഷം സ്ക്വയർ ഫീറ്റ് വിസ്തൃതിയും 15 എയ്റോബ്രിഡ്ജുകളുമുണ്ടായിരിക്കും. കൂടാതെ

എയർക്രാഫ്റ്റ് പാർക്കിംഗ് ബേ വിപുലപ്പെടുത്തുന്നതാണ്. വിമാനത്താവളത്തിലേക്ക് വരുന്ന എൻ.എച്ച്. 47-ലെ അത്താണി-എയർപോർട്ട് റോഡ് വീതി കൂട്ടി വികസിപ്പിക്കാൻ പദ്ധതി തയ്യാറാക്കി വരുന്നു. നിലവിലുള്ള കാർ പാർക്കിംഗ് സൗകര്യവും സ്പോർട്ടിംഗ് എക്സലൻസ് സംവിധാനവും വിപുലപ്പെടുത്തുന്നതാണ്. കവേർഡ് എലൈറ്റിംഗ് ഏരിയ സ്ഥാപിക്കുന്നതിന് 500 കോടി രൂപയുടെ വികസന പ്രവർത്തനം ആരംഭിക്കുന്നതാണ്. സിയാലിന്റെ സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. മാനേജീരിയൽ തസ്തികയിൽ നടന്ന 16 നിയമനങ്ങളിൽ 13 എണ്ണവും അനർഹമാണെന്ന് കണ്ടെത്തുകയും ഉചിതമായ നടപടി സ്വീകരിക്കുന്നതിന് മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വിമാനത്താവളത്തിന്റെ സ്ഥലമെടുപ്പിനെത്തുടർന്ന് ഭൂമിയും വീടും നഷ്ടപ്പെട്ട 66 പേർക്ക് ടാക്സി പെർമിറ്റ് കൊടുക്കാൻ തീരുമാനിച്ചതിൽ 26 പേർക്ക് പെർമിറ്റ് നൽകുകയും ബാക്കിയുള്ളവർ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് നൽകുന്നതുമാണ്. മൂന്ന് വർഷത്തിനുള്ളിൽ അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും ജോലി നൽകാൻ തീരുമാനിക്കുകയും എയർപോർട്ടിന്റെ വികസനത്തിനായി എല്ലാ നടപടികളും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## (5) ലൈഫ് സയൻസ് പാർക്ക് സ്ഥാപിക്കാൻ നടപടി

ശ്രീ. വി. ശശി : മംഗലപുരം ഗ്രാമപഞ്ചായത്തിലെ വെയിലൂർ വില്ലേജിൽ ഭൂമി ഏറ്റെടുക്കൽ പ്രക്രിയ ത്വരിതപ്പെടുത്തി ലൈഫ് സയൻസ് പാർക്ക് സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി) : മംഗലപുരം ഗ്രാമപഞ്ചായത്തിലെ

വെയിലൂർ വില്ലേജിൽ ലൈഫ് സയൻസ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള ലാന്റ് അക്വിസിഷൻ നടപടികൾ മുന്നോട്ടുപോവുകയും ഇത് സംബന്ധിച്ച് കേന്ദ്ര ജൈവശാസ്ത്ര ഡിപ്പാർട്ടുമെന്റുമായി ചർച്ചകൾ നടന്നുവരികയുമാണ്.

### (6) <u>പുലിമുട്ട് നിർമ്മാണം</u>

<u>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി</u>: സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സെന്ററിന്റെ പഠന റിപ്പോർട്ട് ലഭ്യമാക്കി കണ്ണൂർ മാപ്പിളബേ ഫിഷിംഗ് ഹാർബറിൽ പുലിമുട്ട് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

എക്സൈസും തുറമുഖവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബാബു</u>) : കണ്ണൂർ മാപ്പിളബേ മത്സ്യബന്ധന തുറമുഖത്തിന്റെ ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾ 1991-ൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഏറ്റെടുത്ത് 1997-ൽ കമ്മീഷൻ ചെയ്തെങ്കിലും ഹാർബറിൽ മണ്ണടിയുന്നതിന് മാറ്റമുണ്ടായില്ല. ആയതിനാൽ കലാമിറ്റി റിലീഫ് ഫണ്ട്, സുനാമി പുനരധിവാസ പദ്ധതി എന്നിവയിലുൾപ്പെടുത്തി 324.40 ലക്ഷം രൂപ ചെലവഴിച്ച് 2008-2010 വർഷത്തിൽ 2.33 ലക്ഷം ഘനമീറ്റർ മണ്ണ് നീക്കം ചെയ്തെങ്കിലും ഹാർബറിൽ ക്രമാതീതമായി മണ്ണടിയുന്നതായി കാണപ്പെട്ടു. സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സെന്ററിന്റെ റിപ്പോർട്ട് ലഭ്യമായാലുടനെ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

### (7) <u>സബ്ട്രഷറി</u>

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : വെഞ്ഞാറമൂട് ആസ്ഥാനമാക്കി ഒരു സബ്ട്രഷറി അനുവദിക്കാനും നിലവിലുണ്ടായിരുന്ന വൺമാൻ ട്രഷറി പുന:സ്ഥാപിക്കാനും നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): വെഞ്ഞാറമൂട് ആസ്ഥാനമാക്കി സബ്ട്രഷറി സ്ഥാപിക്കുന്നതിനുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. പുതുതായി സബ്ട്രഷറി അനുവദിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ തയ്യാറാക്കിയശേഷം പ്രസ്തുത കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്. വൺമാൻ ട്രഷറി പുന:സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കാം.

## (8) മിനി സിവിൽ സ്റ്റേഷൻ

ശ്രീ. മുല്ലക്കര രത്നാകരൻ: ചടയമംഗലത്തിന്റെ പൊതുവായ വികസനവും പൊതുജനങ്ങളുടെ സൗകര്യവും കണക്കിലെടുത്ത് അവിടെ ഒരു മിനി സിവിൽ സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

റവന്യു വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സാമ്പത്തിക ലഭ്യതയ്ക്ക് വിധേയമായി ചടയമംഗലത്ത് മിനി സിവിൽ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (9) എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ മലയാളത്തിലും പേര് രേഖപ്പെടുത്തണമെന്ന ആവശ്യം

ഡോ. എൻ. ജയരാജ് : എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ വിദ്യാർത്ഥിയുടെ പേര് ഇംഗ്ലീഷിനോടൊപ്പം മലയാളത്തിലും രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) : എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ വിദ്യാർത്ഥികളുടെ പേര് ഇംഗ്ലീഷിനോടൊപ്പം മലയാളത്തിലും രേഖപ്പെടുത്തിയിരുന്ന രീതിക്ക് കഴിഞ്ഞ വർഷമാണ് മാറ്റം വരുത്തിയത്. 2012-ലെ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ വിദ്യാർത്ഥി

യുടെ പേര് മലയാളത്തിലും ഇംഗ്ലീഷിലും രേഖപ്പെടുത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(10) വാട്ടർ അതോറിറ്റി ഇലക്ട്രിസിറ്റി ബോർഡിന് നൽകാനുള്ള തുക

ശ്രീ. ഇ. കെ. വിജയൻ : വാട്ടർ അതോറിറ്റി ഇലക്ട്രിസിറ്റി ബോർഡിന് നൽകാനുള്ള തുക അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നതുമൂലം കുടിവെള്ള വിതരണം തടസ്സപ്പെടുന്ന അവസ്ഥ ഒഴിവാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾ തമ്മിൽ ഏകോപനമുണ്ടാക്കി പ്രശ്നത്തിന് ശാശ്വത പരിഹാരം കാണണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് വൈദ്യുതി കുടിശ്ശിക ഇനത്തിൽ കൊടുക്കാനുള്ള 250 കോടി രൂപ വായ്പയെടുത്ത് ഒറ്റത്തവണയായി അടച്ചുതീർത്തതിനാൽ വാട്ടർ അതോറിറ്റിക്ക് പ്രതിവർഷം പലിശയിനത്തിൽ 30 കോടി രൂപയുടെ അധിക ബാധ്യത വരികയും പ്രതിമാസം വൈദ്യുതി ചാർജ് അടയ്ക്കാൻപോലും കഴിയാത്ത സ്ഥിതിയുമാണ് ഉണ്ടായിട്ടുള്ളത്. 2010 മാർച്ച് മാസം മുതലുള്ള വൈദ്യുതി ചാർജ് കുടിശ്ശിക വാട്ടർ അതോറിറ്റി അടയ്ക്കാത്തതിനാൽ ചില ആഫീസുകളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചിട്ടുണ്ട്. ഈ പ്രതിസന്ധിക്ക് ശാശ്വത പരിഹാരം കാണുന്നതിനായി ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടെ യോഗം എത്രയും പെട്ടെന്ന് വിളിച്ചുചേർത്ത് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

(11) കുടിവെള്ള പദ്ധതിക്ക് ഇലക്ട്രിസിറ്റി കണക്ഷൻ

ശ്രീ. സി. മോയിൻകുട്ടി : തിരുവമ്പാടി നിയോജകമണ്ഡലത്തിലെ കൊടിയത്തൂർ കുടിവെള്ള പദ്ധതിക്ക് ഇലക്ട്രിസിറ്റി കണക്ഷൻ ലഭ്യമാക്കി അടിയന്തരമായി കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : അയലക്കാട് പമ്പ് ഹൗസിന്റെ വൈദ്യുതി കണക്ഷന് അപേക്ഷ ലഭിച്ചത് 04-08-2011-നാണ്. പ്രസ്തുത പ്രദേശത്ത് കെ.എസ്.ഇ.ബി.യുടെ ഫണ്ട് ഉപയോഗപ്പെടുത്തി 1.5 കി.മീ. 11 കെ.വി. ലൈൻ വലിക്കാനും 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കാനുമുള്ള നടപടികളായിട്ടുണ്ട്. എൽ.ടി. ലൈൻ വലിക്കുന്നതിൽ സ്ഥലമുടമകളുടെ തടസ്സം തീർക്കുകയും വാട്ടർ അതോറിറ്റി പണം അടയ്ക്കുകയും ചെയ്യുകയാണെങ്കിൽ വൈദ്യുതി കണക്ഷൻ ഉടൻ കൊടുക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

### (12) സർട്ടിഫിക്കറ്റുകൾ വിവര സാങ്കേതിക വിദ്യ ഉപയോഗിച്ച് ലഭ്യമാക്കാൻ നടപടി

ശ്രീ. തോമസ് ഉണ്ണിയാടൻ : വിവരസാങ്കേതിക വിദ്യ ഉപയോഗിച്ച് ജനങ്ങൾക്കാവശ്യമായ സർട്ടിഫിക്കറ്റുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): വേളൂക്കര തുടങ്ങി വിവിധ ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാർ വികസിപ്പിച്ചെടുത്ത സോഫ്ട്‌വെയറുകൾ പ്രയോജനപ്പെടുത്തി സമഗ്രമായ ഒരു സോഫ്ട്‌വെയർ വിഭാവനം ചെയ്യണമെന്നുദ്ദേശിക്കുന്നു. ഐ.കെ.എം.നെ ഒരു കേന്ദ്രീകൃത സ്ഥാപനമായി അംഗീകരിച്ചുകൊണ്ട് പഞ്ചായത്തുകൾക്കും പൊതുജനങ്ങൾക്കും ഉപകാരപ്രദമായ വെബ്സൈറ്റ് അധിഷ്ഠിത സേവനങ്ങൾ നൽകുന്നതിനാവശ്യമായ സാങ്കേതിക സംവിധാനങ്ങൾ വികസിപ്പിച്ച് ലഭ്യമാക്കിക്കൊണ്ടിരിക്കുകയാണ്. ടെലിഫോൺ അലർട്ടിലൂടെ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന സംവിധാനം രണ്ടുമൂന്ന് മാസത്തിനകം പ്രാവർത്തികമാകും.

## (13) താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ നിയമനം

ശ്രീ. എം. ഹംസ: ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാരുടെ ഒഴിവ് നികത്തുന്നതിനും അവിടത്തെ ഓപ്പറേഷൻ തീയേറ്ററുകളിലേക്കാവശ്യമായ എക്യുപ്മെന്റ്സും ഫർണിച്ചറും അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ഒറ്റപ്പാലം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ കാഷ്വാലിറ്റിയുടെ പ്രവർത്തനത്തിനായി അടുത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നിന്നും രണ്ട് ഡോക്ടർമാരുടെ സേവനം ഡിപ്ലോയ്മെന്റ് മുഖേന ലഭ്യമാക്കിയിട്ടുണ്ട്. അസിസ്റ്റന്റ് സർജൻ തസ്തികയിലേക്ക് പി.എസ്.സി.യിൽ നിന്നും നിയമന നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്താനും ആശുപത്രിയിലേക്കാവശ്യമായ എക്യുപ്മെന്റ്സും ഫർണ്ണിച്ചറുകളും ലഭ്യമാക്കാനുമാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ 3-ാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## ക്രമപ്രശ്നം

## രണ്ട് പ്രതിപക്ഷ എം.എൽ.എ.മാരെ സസ്പെന്റ് ചെയ്ത നടപടി

ശ്രീ. എ.കെ. ബാലൻ: 14-10-2011-ന് സഭയിലുണ്ടായ സംഭവം സംബന്ധിച്ച് 17-10-2011-ന് സ്പീക്കർ നൽകിയ റൂളിംഗിനുശേഷം മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തിൽ, ആ പ്രമേയത്തിന് കാരണമായ വിഷയത്തിന്റെ date of occurrence, cause of action എന്നിവ പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ

പ്രമേയത്തിന്റെ ഉള്ളടക്കം നിലനിൽക്കില്ല. അതുകൊണ്ട് സസ്പെൻഷൻ റിവോക്ക് ചെയ്യുകയോ പ്രമേയം മാറ്റി കൊണ്ടുവരികയോ ചെയ്യണം. 17-10-2011-ന് നടന്ന സംഭവുമായി ബന്ധപ്പെട്ടാണ് മുഖ്യമന്ത്രി പറയുന്നതെങ്കിൽ കൃഷി വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായതുപോലുള്ള spontaneous ആയ പ്രതികരണമാണ് ശ്രീ. ടി.വി. രാജേഷിന്റേയും ശ്രീ. ജയിംസ് മാത്യുവിന്റേയും ഭാഗത്തുനിന്നുണ്ടായിട്ടുള്ളതെന്നതുകൊണ്ട് മന്ത്രിക്ക് നൽകിയ സ്വാഭാവിക നീതി പ്രസ്തുത അംഗങ്ങൾക്കും നൽകേണ്ടതാണ്. 14-10-2011-ന് നടന്ന സംഭവത്തിന്മേലാണ് മുഖ്യമന്ത്രി പ്രമേയം കൊണ്ടുവന്നതെങ്കിൽ സ്പീക്കർ പ്രസ്തുത എം.എൽ.എ.മാരെ exonerate ചെയ്ത സാഹചര്യത്തിൽ അത് ചെയറിനോടുള്ള അനാദരവാണ്. മുഖ്യമന്ത്രി ഡേറ്റ് ഓഫ് ഒക്കറൻസ് വ്യക്തമാക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 14-10-2011-ന് ഉണ്ടായ സംഭവങ്ങളെ സംബന്ധിച്ച് സ്പീക്കർ വളരെ വിശദമായി പ്രതിപാദിക്കുകയും രണ്ട് എം.എൽ.എ. മാരും നേരിട്ടുകണ്ട് ഖേദം പ്രകടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ കർശന നടപടികളില്ലെന്ന് പറയുകയും ചെയ്തപ്പോൾത്തന്നെ ആ വിഷയം ക്ലോസ്ഡ് മാറ്ററായിക്കഴിഞ്ഞു. സ്പീക്കറുടെ പ്രസ്തുത റൂളിംഗിനെ അംഗങ്ങൾ ചോദ്യം ചെയ്തത് നിയമസഭാ സാമാജികരുടെ പെരുമാറ്റ ചട്ടലംഘനമായതുകൊണ്ടാണ് ഞാൻ പ്രമേയം അവതരിപ്പിച്ചത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സ്പീക്കറുടെ റൂളിംഗിനെ ചോദ്യം ചെയ്താൽ നടപടിയെടുക്കാനുള്ള അധികാരം സ്പീക്കർക്കാണ്. സ്പീക്കറുടെ അധികാരം സഭാനേതാവ് ഉപയോഗിച്ചത് സഭാലംഘനമാണ്.

ഇതിന് വ്യവസ്ഥയുണ്ടാകണം. 17-ാം തീയതി സഭയിൽ നടന്ന ചില പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ സ്പീക്കറെ ചോദ്യം ചെയ്തതിന്റെ പേരിലാണ് രണ്ട് മെമ്പർമാരെ സസ്പെന്റ് ചെയ്തതെങ്കിൽ അന്ന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായ പെരുമാറ്റം സംബന്ധിച്ചും തീരുമാനമെടുക്കണമായിരുന്നു. രണ്ട് തരം നീതിയാണ് ഇവിടെ നടപ്പാക്കിയിരിക്കുന്നത്. ഇത് എല്ലാക്കാലത്തും പരിശോധിക്കപ്പെടുമെന്നുള്ളതുകൊണ്ട് പ്രമേയത്തിന് വ്യക്തത വരുത്തണം.

<u>മി. സ്പീക്കർ</u>: സഭ നടത്തിക്കൊണ്ടുപോകാൻ വേണ്ടിയാണ് ഇതെല്ലാം ചെയ്തത്. ഇതിവിടെ അവസാനിപ്പിക്കാം. സഭയുടെ കീഴ്വഴക്കങ്ങൾക്ക് ഇത് ഒരിക്കലും ദോഷം ചെയ്യില്ല.

**<u>ധനകാര്യം</u>**

**<u>2011-12 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനയിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>**

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (<u>ശ്രീ. കെ.ബി. ഗണേഷ് കുമാർ</u>) : താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIV - വനം (142,25,99,000 രൂപ)

ഊർജ്ജ വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>) : പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ.പി. മോഹനൻ</u>) : വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥന

സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുന്നു.

സർവ്വശ്രീ എസ്. ശർമ്മ, കെ. സുരേഷ് കുറുപ്പ്, ബി. സത്യൻ, ആർ. സെൽവരാജ്, വി. ശിവൻകുട്ടി, ഇ. ചന്ദ്രശേഖരൻ, വി.എസ്. സുനിൽ കുമാർ, കെ. രാജു, മുല്ലക്കര രത്നാകരൻ, വി. ശശി, ഇ.കെ. വിജയൻ, ജി.എസ്. ജയലാൽ, ചിറ്റയം ഗോപകുമാർ, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), കെ. കുഞ്ഞമ്മത് മാസ്റ്റർ, കെ. കുഞ്ഞിരാമൻ (ഉദുമ), എം. ചന്ദ്രൻ, കെ.വി. വിജയദാസ്, കെ.വി. അബ്ദുൾ ഖാദർ, എ.എം. ആരിഫ്, ബാബു എം. പാലിശ്ശേരി, എം.എ. ബേബി, കെ. ദാസൻ, ബി.ഡി. ദേവസ്സി, എളമരം കരീം, കെ.കെ. ജയചന്ദ്രൻ, ഇ.പി. ജയരാജൻ, കോലിയക്കോട് എൻ. കൃഷ്ണൻ നായർ, സി. കൃഷ്ണൻ, കെ.കെ. നാരായണൻ, എ. പ്രദീപ്കുമാർ, പുരുഷൻ കടലുണ്ടി, കെ. രാധാകൃഷ്ണൻ, പി.റ്റി.എ. റഹീം, എസ്. രാജേന്ദ്രൻ, ആർ. രാജേഷ്, രാജു എബ്രഹാം, പ്രൊഫ. സി. രവീന്ദ്രനാഥ്, സി.കെ. സദാശിവൻ, സാജു പോൾ, ടി.വി. രാജേഷ്, മാത്യു റ്റി. തോമസ്, ജോസ് തെറ്റയിൽ, തോമസ് ചാണ്ടി, എ.എ. അസീസ് ശ്രീമതിമാർ ഇ.എസ്. ബിജിമോൾ, ഗീതാ ഗോപി, പി. അയിഷാ പോറ്റി, കെ.കെ. ലതിക, കെ.എസ്. സലീഖ, ജമീലാ പ്രകാശം എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

<u>ശ്രീ. പുരുഷൻ കടലുണ്ടി:</u> ധനാഭ്യർത്ഥനയെ എതിർക്കുന്നു. സാംസ്ക്കാരിക ശുദ്ധിയും പ്രതിച്ഛായയും തകർന്ന ഒരു ഗവൺമെന്റാണ് കേരളം ഭരിക്കുന്നത്. സംസ്ഥാനത്ത് അരാജകത്വം നടമാടുന്നു. വനനശീകരണംമൂലം ഭൂമിയുടെ ജൈവവൈവിദ്ധ്യം നഷ്ടപ്പെടുകയും മനുഷ്യന്റെ നിലനിൽപ്പുതന്നെ തകരാറിലാകുകയും ചെയ്യുന്നു. സമ്പൂർണ്ണ

വനവൽക്കരണം ലക്ഷ്യമിട്ടുകൊണ്ട് കഴിഞ്ഞ എൽ.ഡി.എഫ്.സർക്കാർ വനനയം രൂപീകരിച്ച് നടപ്പിലാക്കി. വനംകൊള്ള തടയുന്നതിനും ആദിവാസി ഭൂമി അനധികൃതമായി കൈവശം വച്ചിരിക്കുന്നവരിൽനിന്നും തിരിച്ചുപിടിക്കുന്നതിനും ആർജ്ജവം കാണിക്കണം. വനത്തിനുപുറത്തുവച്ച് പാമ്പുകടിയേറ്റു മരിക്കുന്ന ആളുകളുടെ ആശ്രിതർക്ക് ധനസഹായം നൽകാൻ നടപടി സ്വീകരിച്ചത് സ്വാഗതാർഹമാണ്. കാട്ടുമൃഗങ്ങളുടെ ഉപദ്രവംമൂലം ദുരിതമനുഭവിക്കുന്ന ആളുകളെ സഹായിക്കാൻ നടപടി സ്വീകരിക്കണം. അടിയന്തരഘട്ടങ്ങളിൽ ഡിപ്പാർട്ടുമെന്റുകളെ ഏകോപിപ്പിച്ച് സമയബന്ധിതമായി ഇടപെടാനും സഹായം എത്തിക്കാനുമുള്ള ക്രമീകരണങ്ങൾ ഉണ്ടാകണം. കക്കയം ടൂറിസം എക്കോ ടൂറിസമെന്ന നിലയിൽ കണ്ട് അവിടത്തെ പ്രശ്നത്തിന് പരിഹാരം കാണണം. വനാതിർത്തികൾ ജണ്ട കെട്ടി സംരക്ഷിക്കണം. വനങ്ങളിൽ വീണുകിടക്കുന്ന മരങ്ങൾ മാറ്റാൻ സംവിധാനമുണ്ടാകണം.

<u>ശ്രീ. സണ്ണി ജോസഫ്:</u> ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. വനസംരക്ഷണത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള ബഡ്ജറ്റാണിത്. വനസംരക്ഷണത്തിനുതകുന്ന പദ്ധതികൾ നബാർഡിന്റെ സഹായത്തോടുകൂടി റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ടിലുൾപ്പെടുത്തിക്കൊണ്ട് നടപ്പിലാക്കാനും മാതൃകാ ഫോറസ്റ്റ് സ്റ്റേഷനുകൾ നിർമ്മിക്കാനും സ്വീകരിച്ച നടപടി പ്രശംസനീയമാണ്. അമ്പത് ചെക്ക്ഡാമുകൾ നിർമ്മിക്കാനും കാവുകളും കുളങ്ങളും സംരക്ഷിക്കാനും ഈ സർക്കാരിന് കഴിഞ്ഞു. കണ്ടൽക്കാടുകളും തേക്കിൻതോട്ടങ്ങളും സംരക്ഷിക്കാൻ നടപടി സ്വീകരിച്ചു. ഒന്നാം ക്ലാസ് മുതലുള്ള സ്കൂൾ കുട്ടികൾക്ക് സൗജന്യമായി വൃക്ഷത്തൈ വിതരണം ചെയ്യാൻ സ്വീകരിച്ച നടപടി സ്വാഗതാർഹമാണ്. വനസംരക്ഷണ സമിതി

കൾ രൂപീകരിക്കാൻ സ്വീകരിച്ച നടപടി ശ്രദ്ധേയമാണ്. വനാതിർത്തിയിലെ സർവ്വേ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം. കൃഷിനാശം വരുത്തുന്ന പന്നികളെ വെടിവയ്ക്കാനുള്ള ഉത്തരവിലെ അപാകതകൾ പരിഹരിക്കണം. പേരാവൂർ നിയോജകമണ്ഡലത്തിലെ വനാതിർത്തിയിൽ നിർമ്മിച്ചിട്ടുള്ള കരിങ്കൽ ഭിത്തിയുടെ ഉയരംകൂട്ടി കാട്ടാന ശല്യത്തിൽനിന്നും ജനങ്ങളെ രക്ഷിക്കണം. ഇരിക്കൂറിലും പേരാവൂരിലും കാട്ടുമൃഗങ്ങളുടെ ശല്യം തടയാൻ നടപടി സ്വീകരിക്കണം. വനത്തിലെ നീർച്ചാലുകളിൽ തടയണകൾ നിർമ്മിച്ച് ജല ലഭ്യത ഉറപ്പുവരുത്തി കാട്ടുമൃഗങ്ങൾ വനത്തിൽനിന്നും പുറത്തുവരുന്നത് തടയണം. കാട്ടുമൃഗങ്ങളുടെ ആക്രമണംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നൽകുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ച് സമയബന്ധിതമായി നൽകാൻ നടപടി സ്വീകരിക്കണം. വനാതിർത്തികളിൽ ജണ്ട ഇടുകയും സർവ്വേ നടപടികൾ പൂർത്തിയാക്കുകയും ചെയ്യണം. കൊട്ടിയൂർ പഞ്ചായത്തിലെ ആനത്താര പദ്ധതി നടപ്പിലാക്കണം.

<u>ശ്രീ. കെ. രാജു</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. വനമേഖലകളിൽ താമസിക്കുന്ന പാവപ്പെട്ടവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു നയം രൂപീകരിക്കണം. വനവുമായി ബന്ധപ്പെട്ട തൊഴിലിനെ ആശ്രയിച്ച് ജീവിക്കുന്നവർക്ക് ഡിപ്പോകളിലും കൂപ്പുകളിലും തൊഴിൽ ലഭ്യമാക്കണം. പ്ലാന്റേഷൻ മേഖലയിലെ പ്രായമെത്തിയ മരങ്ങളെക്കുറിച്ച് സർവ്വേ നടത്തുകയും വർക്കിംഗ് പ്ലാനിന്റെ അടിസ്ഥാനത്തിൽ മുറിച്ചുമാറ്റി സർക്കാരിലേക്ക് മുതൽക്കൂട്ടണം. വർക്കിംഗ് പ്ലാൻ തയ്യാറാക്കുന്നതിന് നിയോഗിച്ച ഉദ്യോഗസ്ഥർ അവരുടെ ഉത്തരവാദിത്വം നിറവേറ്റുന്നുണ്ടോ എന്ന കാര്യം സർക്കാർ പരിശോധിക്കണം. സംസ്ഥാനത്തെ വനമേഖലയുടെ വികസനത്തിനായി ബന്ധപ്പെട്ട നിയോജകമണ്ഡലങ്ങളിലെ എം.എൽ.എ.മാരെയും വനം

വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് ചർച്ച നടത്താൻ തയ്യാറാകണം. വനമേഖലയുമായി ബന്ധപ്പെട്ട ഓരോ നിയോജകമണ്ഡലത്തിലും ഒരു കമ്മിറ്റി രൂപീകരിക്കണം. കൊല്ലം ജില്ലയിലെ വനപ്രദേശങ്ങളിൽ താമസിക്കുന്ന ആളുകൾ നേരിടുന്ന വന്യജീവി ശല്യത്തിനും കൃഷിനാശത്തിനും പരിഹാരം കാണുകയും നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുകയും ചെയ്യണം. കൃഷി നശിപ്പിക്കുന്ന കാട്ടുപന്നികളെ വെടിവയ്ക്കുന്നതിന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടെങ്കിലും ഉത്തരവിലെ നിർദ്ദേശങ്ങൾ അപ്രായോഗികമാണ്. വനത്തിനുള്ളിലെ ആദിവാസി ഊരുകളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള തടസ്സം നീക്കണം. വനത്തിനുള്ളിലെ റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിനും വനസംരക്ഷണ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കണം. വനമേഖലയിലെ പ്രവൃത്തികൾ കാര്യക്ഷമമായി നടക്കണമെങ്കിൽ കരാറുകാർ വനംവകുപ്പുദ്യോഗസ്ഥർക്ക് കമ്മീഷൻ നൽകണമെന്ന അവസ്ഥയ്ക്ക് പരിഹാരം കാണണം. വനമേഖലയിലെ കൂലി പുതുക്കി നിശ്ചയിക്കണം.

<u>ശ്രീ. പി.കെ. ബഷീർ</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കഴിഞ്ഞ 5 കൊല്ലമായി പ്രവൃത്തി തുടങ്ങാൻ കഴിയാതിരുന്ന വനമേഖലയിലെ പാലം നിർമ്മാണത്തിന് അനുമതി നൽകിയ നടപടി സ്വാഗതാർഹമാണ്. കരാറുകാരിൽ നിന്നും വനംവകുപ്പുദ്യോഗസ്ഥർ കമ്മീഷൻ പറ്റുന്ന സമ്പ്രദായം അവസാനിപ്പിക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കണം. വനാതിർത്തിയുടെ 5 കിലോമീറ്റർ ചുറ്റളവിലുള്ള തടിമില്ലുകൾ 2 കൊല്ലത്തിലൊരിക്കൽ എൻ.ഒ.സി. പുതുക്കണമെന്ന വ്യവസ്ഥ പുന:പരിശോധിക്കാനും 2002-നുമുമ്പുള്ള തടിമില്ലുകൾ നിലനിർത്താനും നടപടികൾ സ്വീകരിക്കണം.

പൊതുജനങ്ങളുമായി ബന്ധപ്പെടുന്നതിന് മലയാളം അറിയാവുന്നവരെ നോഡൽ ഓഫീസറായി നിയമിക്കണം. മലബാർ മേഖലയിലെ പദ്ധതി പ്രവർത്തനങ്ങൾ പരിസ്ഥിതിയുടെ പേരുപറഞ്ഞ് തടസ്സപ്പെടുത്തുന്നത് അവസാനിപ്പിക്കണം. റിക്കാർഡുകളിൽ 'വനം' എന്ന് കാണുന്നതും ഗ്രൗണ്ടായി ഉപയോഗിക്കുന്നതുമായ സ്ഥലങ്ങൾ പഞ്ചായത്തുകൾക്ക് കൈമാറാൻ നടപടി സ്വീകരിക്കണം.

ശ്രീമതി ജമീലാ പ്രകാശം: ധനാഭ്യർത്ഥനയെ എതിർക്കുന്നു. 1971-ലെ വനംദേശസാൽക്കരണ നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമാകേണ്ടിയിരുന്ന നാലര ലക്ഷം ഏക്കർ സ്വകാര്യഭൂമിയുടെ സിംഹഭാഗവും കൊള്ളയടിക്കപ്പെട്ടിരിക്കുകയാണ്. 1971 മുതൽ 1982 വരെയുള്ള ഫോറസ്റ്റ് കേസുകൾ ട്രിബ്യൂണലിലും ഹൈക്കോടതിയിലും സുപ്രീം കോടതിയിലും കൈകാര്യം ചെയ്യപ്പെട്ടത് സംബന്ധിച്ച് ധവളപത്രം ഇറക്കാൻ സർക്കാർ തയ്യാറാകണം. 1971-ലെ വനം ദേശസാൽക്കരണനിയമം കൊണ്ടുവന്നതിനെത്തുടർന്ന് വനഭൂമിയുടെ വിനിയോഗം സംബന്ധിച്ചുള്ള സമൂഹത്തിന്റെ കാഴ്ചപ്പാടിൽ മാറ്റം വന്നിട്ടുണ്ട്. 1850-ൽ വനസംരക്ഷണനിയമത്തിന് കേന്ദ്ര സർക്കാർ രൂപം കൊടുത്തെങ്കിലും നിയമത്തിന്റെ അന്തസ്സത്തയ്ക്ക് നിരക്കാത്ത കാര്യങ്ങളാണ് കേരളത്തിൽ സംഭവിക്കുന്നത്. 1977 വരെയുള്ള വനംകൈയേറ്റങ്ങൾക്ക് പട്ടയം നൽകിയ തീരുമാനം പുന:പരിശോധിക്കണം. ഭൂമിയുടെ മേലുള്ള അവകാശം നിർണ്ണയിക്കാനുള്ള കേസുകളിൽ മിക്കപ്പോഴും റവന്യൂ വകുപ്പിനുവേണ്ടി വനംവകുപ്പ് തോറ്റുകൊടുക്കുകയും റവന്യൂ ഭൂമിയാണെന്ന് സ്ഥാപിച്ചെടുത്തതിനുശേഷം കയ്യേറ്റക്കാരന് സഹായകമാകുന്ന സമീപനം സ്വീകരിക്കുകയുമാണ് ചെയ്യുന്നത്. 37.50 ലക്ഷം ഏക്കർ വനഭൂമി

യുണ്ടായിരുന്നത് 2003 ആയപ്പോൾ 23.50 ലക്ഷം ഏക്കറായി കുറഞ്ഞിരിക്കുകയാണ്. 1977-നുമുമ്പ് വനം കയ്യേറിയവർക്ക് പട്ടയം നൽകാൻ ശ്രമിക്കുന്നവർക്ക് വനഭൂമി സംരക്ഷിക്കാൻ കഴിയുകയില്ല.

ഡോ. എൻ. ജയരാജ് : ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. പുഴകൾ വറ്റാതിരിക്കാനും കൊടുങ്കാറ്റുണ്ടാകാതിരിക്കാനും ശുദ്ധവായു ലഭ്യമാകാനും സംസ്ഥാനത്തെ വനങ്ങൾ സംരക്ഷിക്കപ്പെടണം. വനഭൂമി മനുഷ്യർക്കുവേണ്ടിയുള്ളതാണെന്ന മുദ്രാവാക്യം ഉയർത്തി ഐക്യരാഷ്ട്രസഭ 2011 ഇന്റർനാഷണൽ ഇയർ ഓഫ് ഫോറസ്റ്റായി പ്രഖ്യാപിച്ചിരിക്കുന്ന വേളയിൽ കേന്ദ്ര ഗവൺമെന്റ് 46,000 കോടി രൂപ ചെലവഴിച്ച് വൃക്ഷവൽക്കരണ പരിപാടിക്കുള്ള മെഗാ പ്രോജക്ട് ആസൂത്രണം ചെയ്തിരിക്കുന്നത് സ്വാഗതാർഹമാണ്. ഇതുമായി ബന്ധപ്പെട്ട ഒരു പ്രോ ആക്ടീവ് പ്രവർത്തനം സംസ്ഥാനത്തുണ്ടാകണം. പഞ്ചായത്തുകളിൽ വനവൽക്കരണവുമായി ബന്ധപ്പെട്ട് യാതൊരു പ്രവർത്തനവും നടക്കുന്നില്ല. സംസ്ഥാനത്തെ സ്ക്കൂൾ കുട്ടികൾക്ക് ഫലവൃക്ഷത്തൈകൾ കൊടുക്കാനെടുത്ത തീരുമാനം സ്വാഗതാർഹമാണ്. ഓരോ പ്രദേശത്തിന്റെയും കാലാവസ്ഥയ്ക്കനുയോജ്യമായ സാമൂഹിക വനവൽക്കരണ പരിപാടിക്കായിരിക്കണം രൂപം നൽകേണ്ടത്. പൈതൃക സംരക്ഷണ പദ്ധതിയുടെ ഭാഗമായി കാവുകളുടെ സംരക്ഷണത്തിന് അനുവദിച്ചിട്ടുള്ള തുക വർദ്ധിപ്പിക്കണം. "എന്റെ മരം പദ്ധതി" ഒന്നാം ക്ലാസ് മുതൽ നടപ്പാക്കാനുള്ള നിർദ്ദേശം ക്രിയാത്മകമാണ്. ശബരിജലം വിതരണം ചെയ്യുന്ന പ്ലാസ്റ്റിക് കുപ്പി മടക്കിവാങ്ങുന്ന മാതൃക മറ്റ് കമ്പനി ഉല്പന്നങ്ങളുടെ കാര്യത്തിലും സ്വീകരിക്കണം. അഗ്രോ ഫോറസ്ട്രി എന്ന സങ്കല്പം പ്രാവർത്തികമാക്കണം.

ശ്രീ. എ. കെ. ശശീന്ദ്രൻ: ധനാഭ്യർത്ഥനയെ എതിർക്കുന്നു. അന്താരാഷ്ട്ര വനവർഷമായ 2011-ൽ സംസ്ഥാനത്തെ കാടുകളും കാവുകളും സംരക്ഷിച്ച് പരിസ്ഥിതി സംരക്ഷണത്തിലൂടെ ആഗോളതാപനത്തിന്റെ ഭീഷണിയിൽനിന്നും രക്ഷപ്പെടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വനവും പരിസ്ഥിതിയും സംരക്ഷിക്കുന്നതിന് വനവാസികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സംഘങ്ങൾ രൂപീകരിക്കുകയും ആ സംഘങ്ങളുടെ നേതൃത്വത്തിൽ വനവിഭവങ്ങൾ ശേഖരിക്കുവാനും വില്ക്കാനുമുള്ള പ്രസ്ഥാനം ആരംഭിക്കുകയും ചെയ്തതിന്റെ ഫലമായി വനാശ്രിത സമൂഹങ്ങളുമായുള്ള സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാൻ കഴിഞ്ഞത് നിലനിറുത്താൻ ഈ ഗവൺമെന്റിന് സാധിക്കണം. വനപാലകർക്ക് ശാസ്ത്രീയമായി പരിശീലനം നൽകുന്നതിന് അക്കാദമി സ്ഥാപിക്കുന്നതിനുവേണ്ടി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച പദ്ധതി പൂർത്തിയാക്കണം. കർഷകരുടെ താല്പര്യം സംരക്ഷിച്ചുകൊണ്ട് 2003-ലെ ഇ.എഫ്.എൽ. നിയമം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കണം. സ്വകാര്യ വ്യക്തികൾ കൈവശം വച്ചിരിക്കുന്ന ഐഡന്റിഫൈ ചെയ്തിട്ടുള്ള കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. വി.ടി. ബൽറാം: ധനാഭ്യർത്ഥയെ അനുകൂലിക്കുന്നു. ഐക്യരാഷ്ട്രസഭയുടെ ആഭിമുഖ്യത്തിൽ 2011 അന്താരാഷ്ട്ര വനവർഷമായി ആഘോഷിക്കുന്ന വേളയിൽ ജനങ്ങൾക്കുവേണ്ടിയാണ് വനങ്ങൾ എന്ന മുദ്രാവാക്യം യാഥാർത്ഥ്യമാക്കണം. ദ്രുതഗതിയിലുള്ള വനനശീകരണത്തിലൂടെ ലോകമെമ്പാടും സ്വാഭാവിക വനത്തിന്റെ വിസ്തൃതി കുറഞ്ഞു വരികയാണ്. പ്ലാന്റേഷനുകളുടെ വ്യാപനം ജൈവവൈവിധ്യ

ത്തിന് ഭീഷണിയാണ്. വനം നശിപ്പിക്കപ്പെടുമ്പോൾ ജൈവസമൂഹങ്ങളും ഉന്മൂലനം ചെയ്യപ്പെടും. വനമേഖല പൂർണ്ണമായും നശിപ്പിക്കുന്ന തരത്തിലാണ് അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിക്ക് രൂപം കൊടുത്തിട്ടുള്ളത്. വനപാലകരുടെ എണ്ണം വർദ്ധിപ്പിക്കുന്നതോടൊപ്പം ആധുനിക ആയുധങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. ഓരോ വനപാലകനും സംരക്ഷിക്കാൻ കഴിയുന്ന വനമേഖലയുടെ പരിധി നിശ്ചയിക്കാൻ ശാസ്ത്രീയ പഠനം നടത്തണം. വനസംരക്ഷണത്തിന്റെ മറവിൽ നടത്തുന്ന അഴിമതി അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. ബി.ഡി. ദേവസ്സി:</u> ധനാഭ്യർത്ഥനയെ എതിർക്കുന്നു. വനവിസ്തൃതി വർദ്ധിപ്പിക്കാനും വനം കൊള്ളക്കാരെ അമർച്ച ചെയ്യാനും എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ വന്യജീവി സങ്കേതങ്ങളിലും ദേശീയോദ്യാനങ്ങളിലും ജോലി ചെയ്യുന്ന വാച്ചർമാരുടെ തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്ന അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കണം. മുൻ കാലങ്ങളിൽ നടത്തിവന്നിരുന്ന വന കായികമേള തുടർന്നും നടത്തുന്നതിന് നടപടി സ്വീകരിക്കണം. 2002-ന് ശേഷം പ്രവർത്തിക്കുന്ന മരാധിഷ്ഠിത വ്യവസായങ്ങൾ അടച്ചുപൂട്ടുന്നതുമൂലമുണ്ടാകുന്ന പ്രതിസന്ധിക്ക് പരിഹാരം കാണണം. ഫോറസ്റ്റ് സ്റ്റേഷനുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും വനം കൊള്ള തടയുന്നതിനും ജീവനക്കാരുടെ സ്ട്രെങ്ത് വർദ്ധിപ്പിക്കുന്നതിനും ആധുനിക ആയുധങ്ങൾ നൽകുന്നതിനും നടപടി സ്വീകരിക്കണം. ചാലക്കുടി മേഖലയിലുണ്ടാകുന്ന ചന്ദന മരമോഷണം തടയുന്നതിന് ഫോറസ്റ്റ് സ്റ്റേഷൻ ആരംഭിക്കണം. അതിരപ്പിള്ളിയിൽ ടൂറിസം ബെയ്സ്ഡ് സ്റ്റേഷൻ സ്ഥാപിക്കുകയും പ്രൊട്ടക്റ്റീവ് വിഭാഗം സ്റ്റാഫിനെ നിയമിക്കുകയും വേണം. വന്യമൃഗശല്യം തടയുന്നതിന് റാപ്പിഡ്

ആക്ഷൻ ഫോഴ്സ് തൃശ്ശൂർ ജില്ലയിലേക്കുകൂടി വ്യാപിപ്പിക്കണം. വി.എസ്.എസ്.കളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും അവരുടെ ഫണ്ട് ടൂറിസ്റ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വിനിയോഗിക്കുകയും ചെയ്യണം. വികസന പ്രവർത്തനങ്ങൾക്ക് വനം വകുപ്പ് തടസ്സം നിൽക്കുന്ന പ്രവണത ഒഴിവാക്കണം. വാഴച്ചാലിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആവിഷ്കരിച്ച പ്ലാസ്റ്റിക് വിമുക്ത പരിപാടി മുന്നോട്ടുകൊണ്ടുപോകണം. ആദിവാസി സംരക്ഷണത്തിനായി കഴിഞ്ഞ സർക്കാർ നടപ്പാക്കിയ പരിപാടികൾ തുടരണം. വനം മാഫിയയ്ക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. പി.ബി. അബ്ദുൾ റസാക്</u> : ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. വംശനാശ ഭീഷണി നേരിടുന്ന മൃഗങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തണം. വനാതിർത്തി പ്രദേശത്ത് താമസിക്കുന്ന കൃഷിക്കാരെയും കൃഷിയെയും വന്യജീവികളുടെ ആക്രമണത്തിൽനിന്ന് രക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുന്നതോടൊപ്പം കൃഷിനാശം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുകയും വേണം. തോക്ക് കൈവശമുള്ള കർഷകർക്ക് ലൈസൻസ് പുതുക്കി നൽകണം. കാസർഗോഡ് ജില്ലയിൽ ഡി.എഫ്.ഒ. ഓഫീസ് അനുവദിക്കാനും സോഷ്യൽ ഫോറസ്റ്റ് ഡിവിഷൻ ഓഫീസ് കെട്ടിടം പുതുക്കിപ്പണിയാനും നടപടി സ്വീകരിക്കണം. വനത്തിനുള്ളിലെ റോഡുകൾ ഗതാഗതയോഗ്യമാക്കണം. അദാലത്തുകൾ നടത്തി മരവ്യവസായ സ്ഥാപനങ്ങൾക്ക് എൻ.ഒ.സി. നൽകാനുള്ള അധികാരം ജില്ലാ ഫോറസ്റ്റ് ഓഫീസർമാർക്ക് നൽകണം. കാസർഗോഡ് ജില്ലയിലെ വനമേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പ്രത്യേക പരിഗണന നൽകണം.

<u>ശ്രീ. ആർ. സെൽവരാജ്</u> : ധനാഭ്യർത്ഥനയെ എതിർക്കുന്നു. വനവിസ്തൃതി കുറഞ്ഞുവരുന്ന അവസ്ഥയ്ക്ക് പരിഹാരം കാണണം. വനം

മാഫിയകളുടെ കടന്നുകയറ്റം തടയാൻ ഫലപ്രദമായ നടപടികൾ വനം വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വനസംരക്ഷണത്തിന് നടപടികൾ സ്വീകരിക്കാനും പതിനായിരക്കണക്കിന് ഹെക്ടർ കയ്യേറ്റ വനഭൂമി തിരിച്ചുപിടിക്കാനും നെയ്യാറ്റിൻകര താലൂക്കിൽപ്പെട്ട അഞ്ചുചങ്ങല പ്രദേശത്തെ ആദിവാസികളടക്കമുള്ള പാവപ്പെട്ട കൃഷിക്കാർക്ക് പട്ടയം ലഭ്യമാക്കാനും കഴിഞ്ഞു. സാധാരണ ജന ങ്ങൾക്ക് വീട് നിർമ്മാണത്തിനുള്ള തടി സൗജന്യ നിരക്കിൽ നൽകണം. സ്വയംതൊഴിൽ സംരംഭകരുടെ തടിമില്ലുകൾക്ക് ലൈസൻസ് നൽകണം. വനം വകുപ്പ് ജീവനക്കാർക്കാവശ്യമായ പരിരക്ഷ നൽകണം. വനം-വന്യമൃഗ സംരക്ഷണത്തിന് പ്രയോജനപ്രദമായ പദ്ധതികൾ നടപ്പിലാക്കണം. വനമേഖലയുമായി ബന്ധപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വിപുലീകരണത്തിന് പദ്ധതികൾ ആവിഷ്ക്കരിക്കണം. നെയ്യാർ ഡാം വിനോ ദസഞ്ചാര കേന്ദ്രത്തിന്റെ സംരക്ഷണത്തിന് വനം-ജലസേചന വകുപ്പുകൾ സംയുക്തമായി നടപടി സ്വീകരിക്കണം.

<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> : ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം നെയ്യാർ, വാഗമൺ, പൊൻമുടി എന്നിവി ടങ്ങളിൽ ഇക്കോ-ടൂറിസം, തേക്കടിയിൽ നേച്ചർ ഇന്റർ പ്രൊട്ടക്ഷൻ സെന്റർ, ശബരിജലം പരിപാടി, എന്റെ മരം, മറയൂരിലെ ചന്ദന ഫാക്ടറി തുടങ്ങി വനം-വന്യജീവി വകുപ്പിൽ നിരവധി സമഗ്ര പദ്ധതികൾ ആവിഷ്ക്കരിച്ചി ട്ടുണ്ട്. കാവ് സംരക്ഷണ പദ്ധതി എന്ന ആശയം ശ്രദ്ധേയമാണ്. സോഷ്യൽ ഫോറസ്ട്രിക്കും ചെറുതും വലുതുമായ സ്ഥലങ്ങളിൽ മരം നട്ടുവളർത്തുന്ന തിനും നൽകുന്ന ഇൻസെന്റീവ് വർദ്ധിപ്പിക്കണം. ചന്ദനത്തൈകൾ വച്ചുപിടിപ്പിക്കുന്നത് സംബന്ധിച്ച നിയമം കാലോചിതമായി പരിഷ്ക്ക

രിക്കണം. ഗവേഷണ സ്ഥാപനങ്ങളെ പ്രയോജനപ്പെടുത്തി ടിഷ്യൂ കൾച്ചൾവഴി ചന്ദനം, തേക്ക് മരങ്ങൾ കൃഷി ചെയ്യുന്നതിനെക്കുറിച്ച് ഗൗരവപൂർവ്വം ആലോചിക്കണം. കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ കൈവശമുള്ള ഡീഗ്രേഡഡ് പ്ലാന്റേഷനുകളിലും സർക്കാരിന്റെ കൈവശമുള്ള തരിശുഭൂമിയിലും പി.പി.പി. മാതൃകയിൽ വന സംരക്ഷണ പദ്ധതികൾ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. വനത്തിനകത്ത് ജീവിക്കുന്ന ആദിവാസികളെ പുറത്തുകൊണ്ടുവന്ന് താമസി പ്പിക്കുന്നതിന് സമഗ്ര പദ്ധതി തയ്യാറാക്കണം. മാൻ തുടങ്ങിയവയെ വളർത്തുന്നതിന് നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്താൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. തടി വ്യവസായത്തെ ശക്തിപ്പെടുത്തു ന്നതിനുള്ള പ്രായോഗിക സമീപനമുണ്ടാകണം. വന്യജീവികളുടെ ആക്രമണം നേരിടുന്ന വനത്തിനുചുറ്റുമുള്ള സ്ഥലം ന്യായവിലയ്ക്ക് ഏറ്റെടുക്കാനും ഇക്കളോജിക്കലി ഫ്രജൈൽ ലാന്റുകളെ സംബന്ധിച്ച് സർവ്വേ നടത്തി സംരക്ഷിക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ബി. സത്യൻ</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന് സംസ്ഥാനത്തെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താനും ക്ഷേമപദ്ധതികൾ ആവിഷ്ക്കരിക്കാനും ക്ഷേമ പെൻഷനുകളുടെ തുക വർദ്ധിപ്പിക്കാനും സാധിച്ചു. പ്രതിപക്ഷത്തിന്റെ സഹകരണം അനിവാര്യമാ ണെന്ന് ആവർത്തിച്ചുപറയുകയും അവരെ അടിച്ചമർത്തുകയും ചെയ്യുന്ന സമീപനം സ്വീകരിക്കുന്നത് ശരിയല്ല. തിരുവനന്തപുരത്ത് വെള്ളയമ്പല ത്തുള്ള അയ്യങ്കാളി സ്ക്വയർ വിപുലപ്പെടുത്തുവാൻ നടപടി സ്വീകരിക്കണം. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനം വിലയിരുത്തണം. വാളകം സംഭവത്തിലെ പ്രതികളെ കണ്ടെത്താൻ നടപടി സ്വീകരിക്കണം.

ശ്രീ. കെ.എൻ.എ. ഖാദർ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഭൂമി സംരക്ഷിച്ച് വനത്തെയും വന്യമൃഗങ്ങളെയും സംരക്ഷിക്കണം. വന്യമൃഗങ്ങൾ നാട്ടിലിറങ്ങി മനുഷ്യരെ ദ്രോഹിക്കാതിരിക്കാൻ വൈദ്യുതി വേലി ഘടിപ്പിക്കുന്ന രീതിക്ക് ബദൽ സംവിധാനം ഏർപ്പെടുത്തണം. ഫോറസ്റ്റ് ആക്ട് പ്രകാരം പിടിക്കപ്പെടുന്ന കേസുകളിൽ പിഴയ്ക്കും ജയിൽ ശിക്ഷയ്ക്കും പുറമേ ഇത്ര ഏക്കർ സ്ഥലത്ത് മരം വച്ചുപിടിപ്പിച്ചുകൊടുക്കണമെന്ന നിബന്ധന കൂടി ഉൾപ്പെടുത്തണം. വനനശീകരണത്തെ പരിസ്ഥിതിയുടെയും പ്രപഞ്ചത്തിന്റെയും നിലനിൽപ്പിനെ തന്നെ ബാധിക്കുന്ന ഒന്നായി കാണണം.

ശ്രീ. വി.എസ്. സുനിൽ കുമാർ: ധനാഭ്യർത്ഥനയെ എതിർക്കുന്നു. എല്ലാ ജീവജാലങ്ങളും വനത്തെ ആശ്രയിച്ച് ജീവിക്കുന്നതിനാൽ വനങ്ങൾ സംരക്ഷിക്കപ്പെടണം. വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്ന് കർഷകരെ സംരക്ഷിക്കണം. പന്നിയെ വെടിവയ്ക്കുന്നതിന് അനുമതി നൽകുന്ന സർക്കാർ ഉത്തരവ് പിൻവലിക്കണം. വന്യജീവികളെ സംരക്ഷിക്കേണ്ടതിന്റെ ഉത്തരവാദിത്വമാണ് വനം വകുപ്പ് ഏറ്റെടുക്കേണ്ടത്. വന്യമൃഗങ്ങൾ കൃഷി നശിപ്പിച്ചാൽ അതിന് നഷ്ടപരിഹാരം നൽകാനാവശ്യമായ നടപടി സ്വീകരിക്കണം. വന്യമൃഗങ്ങൾ വനത്തിൽനിന്ന് പുറത്തേക്കിറങ്ങുന്നതിന്റെ സാഹചര്യം സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്തണം. വെറ്റ്ലാന്റ് സാങ്ച്വറിയും മറൈൻ സാങ്ച്വറിയും നടപ്പിൽ വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കണം. കടൽജീവികളെ പ്രകൃതിദത്തമായ രീതിയിൽ സംരക്ഷിക്കാൻ കഴിയണം. ശാസ്ത്രീയ രീതിയിൽ ഭക്ഷണം നൽകിയും പ്രകൃതിദത്തമായ രീതിയിൽ ജീവിക്കാൻ അനുവദിച്ചും നാട്ടാന പരിപാലനത്തിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. സി. പി. മുഹമ്മദ്:</u> ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ചരിത്രവും ഇതിഹാസങ്ങളും പൈതൃകവും വനവുമായി ബന്ധപ്പെട്ടിരിക്കുന്നു. കാടുകളും നദികളും പ്രകൃതിയും മാറ്റിനിർത്തി മനുഷ്യന് ജീവിക്കാൻ സാധിക്കുകയില്ല. അതിരപ്പിള്ളിപോലെ മനോഹരമായ വന പ്രദേശങ്ങൾ നശിപ്പിച്ചുകൊണ്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് അനുവദിക്കരുത്. വനപാലകർക്ക് ആധുനിക രീതിയിലുള്ള ആയുധങ്ങൾ നൽകാനും മറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്താനും സർക്കാർ തയ്യാറാകണം. കാട്ടുമൃഗങ്ങളുടെ ആക്രമണംമൂലം മരണപ്പെടുന്നവരുടെ കുടുംബത്തിനും പരിക്കേൽക്കുന്നവർക്കും നൽകുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കണം. പ്രകൃതിയും ജീവജാലങ്ങളും കണ്ടൽവനങ്ങളും സംരക്ഷിക്കപ്പെടണം. സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ നെയ്യാറിലെ ഇക്കോ ടൂറിസം പദ്ധതിയുടെ വികസനം, മൂന്നാറിൽ സസ്യോദ്യാനം, നെടുമ്പാശ്ശേരിയിൽ സുവർണ്ണോദ്യാനം എന്നിവ സ്ഥാപിക്കൽ, 2003-ലെ കേരള നാട്ടാന പരിപാലന ചട്ടങ്ങളുടെ കാലോചിതമായ പരിഷ്ക്കരണം, കേരളത്തിലെ നാട്ടാനകൾക്ക് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകൽ, ആന പാപ്പാൻമാർക്ക് ലൈസൻസ് നൽകൽ, 10 പുതിയ ഫോറസ്റ്റ് സ്റ്റേഷനുകളുടെ നിർമ്മാണം എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നത് സ്വാഗതാർഹമാണ്. കാവുകളുടേയും കുളങ്ങളുടേയും പുനരുജ്ജീവനത്തിനുവേണ്ടി 5 കോടി രൂപ നീക്കിവച്ചിട്ടുള്ളത് ശ്രദ്ധേയമാണ്. സ്കൂൾ കുട്ടികൾക്ക് നൽകുന്ന സൗജന്യ വൃക്ഷത്തൈവിതരണം ഒന്നുമുതൽ 6 വരെയുള്ള ക്ലാസ്സുകളിലേക്കും വ്യാപിപ്പിച്ചത് നല്ല കാര്യമാണ്. വന്യമൃഗങ്ങൾ വനത്തിൽനിന്ന് പുറത്തുവരുന്നത് എന്തുകൊണ്ടാണെന്നതിനെക്കുറിച്ച് പരിശോധിച്ച്

പരിഹാരം കാണണം. കിടങ്ങുകൾ കുഴിച്ചും ജൈവവേലി കെട്ടിയും ആനകളെ നിയന്ത്രിക്കണം. ഡാമുകളിൽ എക്കൽ അടിയുന്നത് തടയുന്നതിനായി ചെക്ക് ഡാമുകൾ നിർമ്മിച്ചാൽ മൃഗങ്ങൾക്ക് വെള്ളം കുടിക്കുവാനുള്ള പ്രയാസവും പരിഹരിക്കപ്പെടും. വനങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. കെ. സുരേഷ് കുറുപ്പ്: ധനാഭ്യർത്ഥനയെ എതിർക്കുന്നു. കേരളത്തിൽ അവശേഷിക്കുന്ന വനഭൂമി സംരക്ഷിക്കുന്നതിനും കൂടുതൽ മരംവച്ചു പിടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. 1980-ൽ കേന്ദ്രം ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പാസ്സാക്കിയതിനുശേഷമാണ് ഇന്ത്യയിൽ വനം സംരക്ഷിക്കുന്നതിനും സൈലന്റ് വാലി അടക്കമുള്ള പദ്ധതികളെ സംരക്ഷിക്കുന്നതിനും കഴിഞ്ഞിട്ടുള്ളത്. വനം വകുപ്പിലെ ഗാർഡുകളുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കാനും മെച്ചപ്പെടുത്താനും നടപടി സ്വീകരിക്കണം. ഡെയ്‌ലി വാച്ചർമാരായി നിയമിച്ചിരിക്കുന്ന ആദിവാസികളെ സർവ്വീസിൽ തുടരാൻ അനുവദിക്കണം. തടിയുടെ ആവശ്യം നിറവേറ്റുന്നതിന് സാമൂഹ്യവനവൽക്കരണപദ്ധതി പരിഷ്ക്കരിച്ച് കേരളത്തിലുടനീളം നടപ്പിലാക്കാനും മരം വെട്ടാനുള്ള അനുവാദം ജനങ്ങൾക്ക് നൽകാനും നടപടി സ്വീകരിക്കണം. കാലാവധി കഴിഞ്ഞ തോട്ടങ്ങൾ തിരിച്ചെടുത്ത് വനവൽക്കരണത്തിന് വിധേയമാക്കുന്നതിനുപകരം അതിൽ 5 ശതമാനം റിസോർട്ട് നടത്താൻ കൊടുക്കുകയെന്നത് ഭൂപരിഷ്ക്കരണ നിയമത്തിന് വിരുദ്ധമാണ്. വിവിധ പദ്ധതികൾക്കുവേണ്ടി വനം വകുപ്പിൽ കെട്ടിവച്ച തുക വനവൽക്കരണത്തിനായി വിനിയോഗിക്കണം.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ): ചർച്ചയിൽ പങ്കെടുത്ത് നല്ല ആശയങ്ങൾ മുന്നോട്ട് വച്ച

എല്ലാ അംഗങ്ങൾക്കും നന്ദിരേഖപ്പെടുത്തുന്നു. വനം വകുപ്പിലെ ഉദ്യോഗസ്ഥർ ജനപ്രതിനിധികളോടും ജനങ്ങളോടും ആദിവാസി വിഭാഗത്തിൽപ്പെട്ടവരോടും കർഷകരോടും സ്നേഹത്തോടെ പെരുമാറണമെന്ന കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി അടുത്ത വർഷം മുതൽ ഒന്നാം ക്ലാസ് മുതലുള്ള കുട്ടികൾക്ക് വൃക്ഷത്തൈ നൽകുന്ന പദ്ധതി ആവിഷ്ക്കരിക്കുകയാണ്. വനത്തിന് പുറത്ത് വച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്കും ഒരു ലക്ഷം രൂപ നഷ്ടപരിഹാരം കൊടുക്കുന്നതിനും ആനയുടെ ആക്രമണത്തിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 3 ലക്ഷം രൂപ നൽകുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. വനത്തിനുള്ളിലെ ജലസ്രോതസ്സുകൾ കണ്ടെത്താൻ ഡിവിഷനുകളിലെ ഡി.എഫ്.ഒ.മാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. വനത്തിനുള്ളിൽ മൃഗങ്ങൾക്ക് വെള്ളവും ആഹാരവും ഒരുക്കിക്കൊടുക്കുന്നതിന് ജലസ്രോതസ്സുകൾ വികസിപ്പിക്കുന്നതോടൊപ്പം അതിനുചുറ്റും കിഴങ്ങുവർഗ്ഗത്തിൽപ്പെട്ട കാട്ടുചെടികളും തീറ്റപ്പുല്ലും വച്ചുപിടിപ്പിക്കുന്നതാണ്. നിലവിലുള്ള സോളാർ ഫെൻസിംഗിന്റെ മെയിന്റനൻസ് ബെനിഫിഷ്യറിയെത്തന്നെ ഏല്പിക്കുന്നതായിരിക്കും ഉചിതം. കുരങ്ങന്മാരുടെ ശല്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കും. ദുരുപയോഗം തടയുന്നതിനാണ് കാട്ടുപന്നിയെ വെടിവയ്ക്കുന്നതിന് നല്കിയ ഉത്തരവിൽ കർശന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥിരമായി കാട്ടുമൃഗങ്ങളുടെ ആക്രമണം ഉണ്ടാകുന്ന പ്രധാനപ്പെട്ട ഏഴ് സ്ഥലങ്ങളിൽ ദ്രുതകർമ്മ സേനയെ വിന്യസിപ്പിക്കുന്നതാണ്. ആനകൾ ആഹാരമന്വേഷിച്ച് നാട്ടിലേക്ക് ഇറങ്ങുന്നത് നിയന്ത്രിക്കുന്നതിനായി സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായി വനത്തിൽ ഫൈബ്രസ്സായ ചെടികൾ വച്ചുപിടിപ്പിക്കുന്നതാണ്. തൃശ്ശൂർ, കോന്നി, കോതമംഗലം,

നിലമ്പൂർ സൗത്ത്, നിലമ്പൂർ നോർത്ത് ഡിവിഷനുകളിലേക്ക് വേണ്ട വൺ ഇയർ മാനേജുമെന്റ് പ്ലാൻ അംഗീകാരത്തിനായി കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിരിക്കുകയാണ്. വനഭൂമിയിൽനിന്നുവെട്ടുന്ന തടിയുടെ 80 ശതമാനവും ലേബർ ഡിപ്പാർട്ടുമെന്റ് പറയുന്ന കൂലി നൽകി മറ്റ് ഡിപ്പോക ളിൽ എത്തിക്കുന്നതാണ്. വനത്തിലൂടെയുള്ള റോഡുകളുടെ അറ്റകുറ്റപ്പ ണികൾക്ക് ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതും ഘട്ടംഘട്ടമായി പണി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. വനമേഖല യിലുള്ള ആദിവാസി ഊരുകളിലേക്ക് വൈദ്യുതിയും കുടിവെള്ളവും എത്തി ക്കുന്നതിനും വൈദ്യുതി വകുപ്പ് നൽകേണ്ട അനുമതിക്ക് കാലതാമസം ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിക്കും. കേന്ദ്ര ഫണ്ട് ഉപ യോഗിച്ചുള്ള ആനത്താര പദ്ധതിയുടെ പ്രവർത്തനം കണ്ണൂർ ജില്ലയിൽ പുരോഗമിച്ചുവരുന്നു. ഈ പദ്ധതി മറ്റു സ്ഥലങ്ങളിലേക്കും വ്യാപിപ്പിക്കും. കാവുകളുടെ സംരക്ഷണം ഉറപ്പുവരുത്തും. വനസംരക്ഷണത്തിനായി ആദി വാസികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വനപാലക സമിതികൾ രൂപീകരിക്കും. സർക്കാർ ഏറ്റെടുത്ത എസ്റ്റേറ്റുകൾ മെയിന്റെയിൻ ചെയ്ത് തൊഴിലാളികളെ സംരക്ഷിക്കും. രണ്ട് ഹെക്ടറിൽ താഴെയുള്ള ഇ.എഫ്.എൽ. ഭൂമിക്ക് എക്സംപ്ഷൻ കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കർഷക രുടെ ആശങ്കകൾ അകറ്റാൻ നടപടി സ്വീകരിക്കും. എം.എൽ.എ.മാർ, പഞ്ചാ യത്ത് പ്രസിഡന്റ് മുതലായവർ ഉൾക്കൊള്ളുന്ന കമ്മിറ്റികളുടെ പരിശോധനാ റിപ്പോർട്ടിൻമേലുള്ള സർക്കാർ തീരുമാനപ്രകാരം പരാതിക്കാധാരമായ സ്ഥലം കൃഷിഭൂമിയാണെന്ന് ബോധ്യപ്പെട്ടാൽ തിരികെ നൽകുന്നതാണ്. തടി

യധിഷ്ഠിത വ്യവസായങ്ങൾ നടത്തുന്നതിന് എൻ.ഒ.സി. നൽകുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതാണ്. വനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ജില്ലാതലത്തിൽ ഏകജാലക സംവിധാനം ഉണ്ടാക്കുന്നതാണ്. വനത്തിനുള്ളിലെ നീരുറവകളും നീർത്തടങ്ങളും കണ്ടു പിടിച്ച് സംരക്ഷിക്കും. നെയ്യാർ ഡാമിലെ ഇക്കോ ടൂറിസം പരിപാടി സമ്പുഷ്ടമാക്കാൻ വേണ്ടി പുതിയ ബോട്ടുകളും ബസ്സുകളും വാങ്ങുന്നതോ ടൊപ്പം വാഗമണിൽ ഓർക്കിഡ് പൂന്തോട്ടം സ്ഥാപിക്കുന്നതും മൂന്നാറിൽ ഒരു ബൊട്ടാണിക്കൽ ഗാർഡനും തൃശ്ശൂർ ജില്ലയിലെ പുത്തൂരിൽ സുവോളജി ക്കൽ പാർക്കും നിർമ്മിക്കുന്നതുമാണ്. പെൻഷൻ കേസുകളിൽ അദാലത്തുവഴി തീരുമാനമെടുക്കുന്നതാണ്. കേരള നാട്ടാന പരിപാലന ചട്ടത്തിൽ കാലോചിതമായ പരിഷ്ക്കാരങ്ങൾ വരുത്തുന്നതും പാപ്പാൻമാർക്ക് ലൈസൻസ് കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതും ആനകളെ ക്കുറിച്ചുള്ള രേഖകൾ ഉൾപ്പെടുന്ന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്ന തുമാണ്. ഇക്കോ ടൂറിസം സെന്ററുകളിൽ പാരമ്പര്യ ചികിൽസാരീതി പ്രോൽസാഹിപ്പിക്കുന്നതാണ്. ആദിവാസി വിഭാഗത്തിൽപ്പെട്ടവരുടെ സ്വയം സഹായ സംഘം രൂപീകരിച്ച് എല്ലാ ഡാമുകളിൽനിന്നും മൽസ്യബന്ധനം നടത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കും. ടൂറിസം വകുപ്പുമായി ചേർന്നു കൊണ്ട് പൊൻമുടിയിൽ ഒരു അമിനിറ്റി സെന്റർ സ്ഥാപിക്കുന്നതാണ്. തേക്കടിയിലെ രാജീവ്ഗാന്ധി വനമ്യൂസിയം നവീകരിച്ച് ഏഷ്യയിലെ ഏറ്റവും വലിയ സ്ഥാപനമാക്കി മാറ്റുന്നതുമാണ്. ശബരിതീർത്ഥം വിതരണം നടത്തുന്ന ഒഴിഞ്ഞ കുപ്പികൾ ഒരു രൂപയ്ക്ക് തിരിച്ചുവാങ്ങുന്ന പദ്ധതി നടപ്പിലാക്കുന്നതോടൊപ്പം ശബരിമലയിൽ വിൽക്കുന്ന ഏതൊരു കുപ്പി വെള്ളത്തിന്റെയും ഒഴിഞ്ഞ കുപ്പികൾ രണ്ടുരൂപയ്ക്ക് തിരികെ വാങ്ങാനുള്ള

നിർദ്ദേശത്തിന്മേൽ ദേവസ്വം വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥന 65-നെതിരെ 71 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 04.07-ന് പിരിഞ്ഞു.

@@@@@@@@@@